**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ. 722 17.07.2012 ൽ മറുപടിയ്ക്ക്

**<u>അജ്ഞാതരോഗങ്ങൾ മൂലം ദുരിതമനുഭവിക്കുന്നവരെ സഹായിക്കാൻ പദ്ധതി</u>**

**<u>ചോദ്യം</u>**

ശ്രീ. പി. എ. മാധവൻ

,, കെ. ശിവദാസൻ നായർ

,, എം. എ. വാഹീദ്

,, ഡൊമിനിക് പ്രസന്റേഷൻ

**<u>ഉത്തരം</u>**

**ഡോ. എം.കെ. മുനീർ**

(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | അജ്ഞാതരോഗങ്ങൾ മൂലം ദുരിതമനുഭവിക്കുന്നവരെ സഹായിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ; | (എ) യും (ബി) യും | സംസ്ഥാനത്ത് ഏതെങ്കിലും പ്രദേശങ്ങളിൽ സാധാരണ കണ്ടു വരുന്നതിൽ നിന്നും വ്യത്യസ്തമായ രീതിയിലുള്ള രോഗങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുകയാണെങ്കിൽ ജില്ലാ തലത്തിൽ നിന്നും വിദഗ്ധ ഡോക്ടർമാരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള സംഘമോ അല്ലെങ്കിൽ മെഡിക്കൽ കോളേജിൽ നിന്നുള്ള വിദഗ്ദ്ധ സംഘമോ ആ പ്രദേശം സന്ദർശിച്ച് രോഗ പരിശോധന നടത്തുകയും രോഗ നിർണ്ണയത്തിനാവശ്യമായ സാമ്പിളുകളെടുത്ത് സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വിദഗ്ദ്ധ ലബോറട്ടറികളിലയച്ച് രോഗ നിർണ്ണയം നടത്തുകയും തുടർ നടപടികളെടുക്കുകയും ചെയ്യുന്ന സംവിധാനമാണ് നിലവിലുള്ളത്. രോഗ ചികിൽസയ്ക്കാവശ്യമായ മരുന്നും സാധന സാമഗ്രികളും രോഗ പ്രതിരോധ നടപടിയ്ക്കാവശ്യമായ സാധന സാമഗ്രികളും ആരോഗ്യ വകുപ്പ് ലഭ്യമാക്കാറുണ്ട്.<br><br>ഇത്തരത്തിലുള്ള രോഗ ബാധിതരായ കുട്ടികളുടെ ജീവൻ രക്ഷയ്ക്ക് അടിയന്തിര ഘട്ടങ്ങളിൽ മരുന്നുകൾക്കും ലാബ് പരിശോധനകൾക്കും സർജറിക്കും ആവശ്യമായ ചെലവ് അനുവദിക്കാൻ കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടത്തുന്ന താലോലം പദ്ധതിയിലൂടെ ആശുപത്രി സൂപ്രണ്ടുമാർക്ക് അധികാരം നൽകിയിട്ടുണ്ട്. |
| (ബി) | ഇവർക്കായി പ്രത്യേക പദ്ധതിക്ക് രൂപം നൽകുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ നല്കാമോ ; | | |

| | | | |
|---|---|---|---|
| | | | പ്രോംപീസ് ഡിസീസ്, സ്പൈനൽ മസ്ക്കുലാർ അട്രോഫി പോലുള്ള ഹൃദയത്തെയും പേശികളെയും നാഡീ വ്യൂഹങ്ങളെയും ബാധിക്കുന്ന അപൂർവ്വ രോഗബാധിതരായ കുട്ടികളെ ആശുപത്രികളിൽ അഡ്മിറ്റ് ചെയ്ത് ച്കിത്സിയ്ക്കുമ്പോൾ താലോലം പദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യം അനുവദിച്ച് വരുന്നു.<br><br>അജ്ഞാതരോഗങ്ങൾ മുലം ദുരിതമനുഭവിക്കുന്നവർക്കായി പ്രത്യേക പദ്ധതികൾ ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | ഇതിനായി നിലവിലുള്ള നിയമങ്ങളിൽ ഭേദഗതിയും മാനദണ്ഡങ്ങളിൽ മാറ്റവും വരുത്തുന്ന കാര്യം പരിഗണിക്കുമോ ; | (സി) യും (ഡി) യും | നിലവിലുള്ള ട്രാവൻകൂർ കൊച്ചിൻ ആക്ടും മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ടും ഏകോപിപ്പിച്ച് രൂപീകരിച്ച പുതുക്കിയ പൊതുജനാരോഗ്യ നിയമം പ്രാബല്യത്തിൽ കൊണ്ടു വരുന്ന കാര്യം ആരോഗ്യ വകുപ്പിന്റെ പരിഗണനയിലാണ്. |
| (ഡി) | ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട് ; വിശദമാക്കുമോ ? | | |

R. Vijayan

സെക്ഷൻ ഓഫീസർ